## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.313 — 28.05.2019 ൽ മറുപടിക്ക്

# തിരുവമ്പാടി മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ, കുടുംബാരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട തിരുവമ്പാടി മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ)<br>&<br>(ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ നിന്നും പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കോടഞ്ചേരി സാമൂഹ്യാരോഗ്യ കേന്ദ്രം, കൂടരഞ്ഞി പ്രാഥമികാരോഗ്യ കേന്ദ്രം, തിരുവമ്പാടി പ്രാഥമികാരോഗ്യ കേന്ദ്രം, കാരശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം, കൊടിയത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തിരുവമ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 14 ലക്ഷവും എൻ.എച്ച്.എം ഫണ്ടിൽ നിന്നും കോടഞ്ചേരി സാമൂഹ്യാരോഗ്യ കേന്ദ്രം, കൂടരഞ്ഞി പ്രാഥമികാരോഗ്യ കേന്ദ്രം, കാരശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം, കൊടിയത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവയ്ക്കും 15.50 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസ്സൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഇവ പൂർണ്ണതോതിൽ എന്നു മുതൽ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ